PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955

Wednesday, the 5th October 1955

Vol. XIV] OFFICIAL REPORT [No. 1

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber at Eight o' Clock on Wednesday, the 5th October 1955, with Mr. Speaker in the Chair.

OATH OF OFFICE

Srimathi T. C. Lila Devi Amma took the oath and signed the Rolls.

Walk out by the Opposition.

ശ്രീ. ടി. വി. തോമസ് : സർ, അര മണിക്കൂറിനു മുമ്പ് ഈ സെക്രട്ടേറിയറ്റിന്റെ വാതുക്കൽ നടന്ന സംഭവത്തെ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാനാഗ്രഹിക്കുന്നു. ചവറയിലെ തെഴിലാളികൾ വളരെ നാളുകളായി, ഈ ഗവണ്മെന്റിന്റെ മർദ്ദനനടപടികളെയും ഭീഷണിപ്പിക്കൽ നയത്തെയും പ്രതിഷേധിച്ചുകൊണ്ട്, വളരെ ധീരമായ ഒരു സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെതിരായി ഈ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടിയെ പ്രതിഷേധിക്കുന്നതിനുവേണ്ടി ഇന്ന് ഈ അസംബ്ലിയുടെ മുമ്പിൽ നടത്തിയ ഒരു പ്രകടനത്തെ, ഏറ്റവും വ്യവസ്ഥാപിതമായി, സമാധാനപരമായി നടത്തിയ പ്രകടനത്തെ, മനുഷ്യത്വത്തിന്റെ കണികപോലുമില്ലാതെ ഒരുവ്യാപ്രമേയത്തിന്റെ ഭീതിയിൽകഴിയുന്ന ഈ കാൺഗ്രസ്സുസർക്കാർ, ഭ്രാന്തൻ നായ്ക്കളെപോലെ .....

മി. സ്പീക്കർ : അതിനെക്കുറിച്ച് എന്തെങ്കിലും പറയണമെന്നുണ്ടെങ്കിൽ ഒരടിയന്തിരപ്രമേയമോ മറ്റോ കൊണ്ടുവരണം.

ശ്രീ. ടി. വി. തോമസ് : സർ, ഇപ്പോൾ യാതൊന്നും പറയാനല്ല ഉദ്ദേശിക്കുന്നത്. ഒരു സ്റ്റേറ്റുമെന്റു നൽകിക്കൊണ്ട് ഞങ്ങളെല്ലാവരും ഒരു വാക്കൗട്ട് നടത്തുവാനുദ്ദേശിക്കുന്നു. ഇങ്ങനെ നടത്തുന്ന വ്യവസ്ഥാപിതവും സമാധാനപരവുമായ പ്രതിഷേധ പ്രകടനത്തെ സമചിത്തതയോടുകൂടി വീക്ഷിക്കുവാൻ തയ്യാറല്ലാത്ത ഒരു മനോഭാവമാണ് ഇപ്പോൾ ഇവിടെ കണ്ടത്. അതിനോടുള്ള ഞങ്ങളുടെ പ്രതിഷേധം പ്രകടിപ്പിക്കുവാൻ ഞങ്ങളെല്ലാവരും അരമണിക്കൂർനേരം വാക്കൗട്ട് നടത്തുകയാണെന്നുള്ള വിവരം ഈ സഭയെ അറിയിച്ചുകൊള്ളുന്നു.

Shri T. V. Thomas then walked out followed by the members of his party. The members belonging to the other opposition parties also walked out.

QUESTIONS AND ANSWERS

No questions were put.

UNSTARRED QUESTIONS AND ANSWERS.

യൂണിവേഴ്സിറ്റി കോളേജിലെ അഡ്മിഷൻ കാലാവധി.

1. [2] ശ്രീ. യു. നീലകണ്ഠൻ:- താഴെ പറയുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റി കോളേജിലെ അഡ്മിഷൻ കാലാവധി മറ്റു കോളേജുകളിലെ പ്രവേശനത്തിനു ശേഷമാക്കിയിരിക്കുന്നതിനുള്ള കാരണമെന്ത്;

(ബി) ഈ നടപടി അർഹതയുള്ള അനേകം വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി കോളേജുകളിൽ പ്രവേശം ലഭിക്കാൻ തടസ്സം സൃഷ്ടിക്കുന്നുണ്ടോ;

(സി) സാധുക്കളായ വിദ്യാർത്ഥികൾക്ക് ഈ നടപടി നിമിത്തം തരതമ്യേന യൂണിവേഴ്സിറ്റി കോളേജുകളിലുള്ള പ്രത്യേകാനുകൂല്യങ്ങൾ ലഭിക്കുന്നില്ലെന്ന സർക്കാരിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ ദോഷങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ സർക്കാരിൽനിന്നു സർവ്വകലാശാലാധികൃതർക്കു നൽകുമോ?

ഉത്തരം.

(എ) മാർക്കുലിസ്റ്റും മറ്റു സർട്ടിഫിക്കറ്റുകളും സമ്പാദിച്ചശേഷം സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലുമുള്ള വിദ്യാർത്ഥികൾക്ക് അപേക്ഷ അയയ്ക്കുവാൻ വേണ്ട സമയത്തേയും കോളേജധികൃതന്മാർക്കു യോഗ്യതാനുസരണം പ്രവേശനാർഹരെ തിരഞ്ഞെടുക്കുന്നതിൽ വന്നേക്കാവുന്ന കാലതാമസത്തെയും പരിഗണിച്ചാണ് യൂണിവേഴ്സിറ്റി കോളേജുകളിലെ പ്രവേശനത്തീയതി നിശ്ചയിക്കുന്നത്. പ്രൈവറ്റ് കോളേജുകളിലെ അപേക്ഷകളുടെ എണ്ണം അത്രയധികമല്ല. പ്രവേശനം നടത്തുന്നത് കേവലം മാർക്കിന്റെ അടിസ്ഥാനത്തിലുമല്ല. അതുകൊണ്ട് അവർക്കു പ്രവേശനത്തീയതി കുറെ നേരത്തേയാക്കുവാൻ സാധിക്കുന്നു.

(ബി) ഇല്ല.

(സി) ഇല്ല.

(ഡി) ഈ ചോദ്യം ഉദിക്കുന്നില്ല.

Anglo Indians in Municipalities.

2. [5] SHRI A. A. D. LUIZ: Will the Minister for Local Self Government be pleased to state :

LIBRARY ARCHIVES Kerala Legislative Assembly